# പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.674 05.06.2018-ലെ മറുപടിയ്ക്ക്

## മൾട്ടിപർപ്പസ് ഇൻഡോർ സ്റ്റേഡിയങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സി.കെ.ശശീന്ദ്രൻ** | | **ശ്രീ.എ.സി.മൊയ്തീൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | 2016-17 ബഡ്ജറ്റിലെ പ്രധാന നിർദ്ദേശങ്ങളിൽ ഒന്നായ മൾട്ടിപർപ്പസ് ഇൻഡോർ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ ഏത് ഘട്ടത്തിലാണ്; ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ; | (എ) | 2016-17 സാമ്പത്തിക വർഷം പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ ജില്ലകളിലും ഓരോ മൾട്ടിപർപ്പസ് ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഇതിൽ 9 സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകിയതിൽ വയനാട് ജില്ലാ സ്റ്റേഡിയം ഉൾപ്പടെ 4 സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിന് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. 3 സ്റ്റേഡിയങ്ങളുടെ ഡി.പി.ആർ അംഗീകാരത്തിനായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. മറ്റ് സ്റ്റേഡിയങ്ങളുടെ ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടികൾ കായിക വകുപ്പിന്റെ എസ്.പി.വി ആയ കിറ്റ്കോ സ്വീകരിച്ചു വരുന്നു. |
| (ബി) | വയനാട് ജില്ലയിൽ ഇത്തരത്തിൽ നിർമ്മിക്കുന്ന സ്റ്റേഡിയം എന്ന് നിലവിൽ വരും; ആയതിന്റെ എസ്റ്റിമേറ്റ് തുകയെത്ര; ആയതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ബി) | വയനാട് ജില്ലാ സ്റ്റേഡിയത്തിന് ഭരണാനുമതി നൽകിയതിനുസരിച്ച് കിഫ്ബി പദ്ധതിയുടെ എസ്.പി.വി ആയ കിറ്റ്കോ ഡി.പി.ആർ കിഫ്ബിയിൽ സമർപ്പിക്കുകയും കിഫ്ബി 36.88 കോടി രൂപയുടെ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതിക്ക് സാങ്കേതിക അനുമതി ലഭ്യമായ ശേഷം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**